**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5</u>** **<u>07-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ക്ലറിക്കൽ തസ്തികകളിൽ മതിയായ ഉദ്യോഗസ്ഥർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ ഉൾപ്പെടെ ആകെ 3632 ക്ലറിക്കൽ തസ്തികകളാണ് ഉള്ളത്. ഇതിൽ ആഭ്യന്തര വകുപ്പിൽ നിന്നും സൂപ്പർ ന്യൂമററിയായി നിയമിച്ച 252 തസ്തികകളും ഉൾപ്പെടുന്നു. 3632 തസ്തികകളിൽ 2021 ജനുവരി മുതൽ മെയ് 31 വരെ നിലവിലുണ്ടായിരുന്ന 113 ഒഴിവുകളിൽ 101 എണ്ണം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്മേൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള ഒഴിവുകളിൽ 6 എണ്ണം സമാശ്വാസ തൊഴിൽ ദാന പദ്ധതിയ്ക്കും 4 എണ്ണം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനും, 2 എണ്ണം ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് നിയമനം നൽകുന്നതിനായി മാറ്റിവച്ചിരിക്കുന്നു. |
| (ബി) | എങ്കിൽ ആയത് പദ്ധതി പ്രവർത്തനങ്ങളെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യാനുപാതികമായി ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാനുപാതികമായി ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുന്ന രീതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ